# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3534      20/06/2018-ൽ മറുപടിക്ക്

## എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. ജോയി**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.എം. മുകേഷ്** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യാറുണ്ടോ; | എ) | ഉണ്ട്. |
| ബി) | എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് മറ്റു വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | ബി) | എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, സാമൂഹ്യനീതി, തദ്ദേശ സ്വയംഭരണം, തൊഴിൽ, വ്യവസായം, വിനോദസഞ്ചാരം, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് ബോധവത്ക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ എന്നിവ നടത്തി വരുന്നുണ്ട്. മേൽ സൂചിപ്പിച്ച വകുപ്പുകൾ എല്ലാം തന്നെ എച്ച്.ഐ.വി ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി അതത് വകുപ്പുകളിലെ ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ എച്ച്.ഐ.വി പ്രതിരോധത്തിനായി കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| സി) | രക്തബാങ്കുകളുടെ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്തെല്ലാം പരിശോധനകൾ നടത്തി വരുന്നുണ്ട് ; | സി) | 1945-ലെ ഡ്രഗ്സ് & കോസ്മെറ്റിക് ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരവുമാണ് സംസ്ഥാനത്തിലെ അംഗീകൃത രക്തബാങ്കുകൾ പ്രവർത്തിക്കുന്നത്. രക്തബാങ്കുകളുടെ സുരക്ഷിതത്വവും ഗുണനിലവാരവും ഉയർത്തുന്നതിനായി സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി താഴെപറയുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.<br>1) ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസ് പുതിയതായി അനുവദിക്കുന്നതിനും നിലവിലുള്ള ലൈസൻസ് പുതുക്കുന്നതിനും മുന്നോടിയായി ബ്ലഡ് ബാങ്ക് പരിശോധിച്ച് ഡ്രഗ്സ് & കോസ്മെറ്റിക് ആക്ടിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുകയും തൃപ്തികരമാണെങ്കിൽ എൻ.ഒ.സി നൽകുകയും ചെയ്യുന്നു.<br>2) സർക്കാർ രക്തബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | രക്തബാങ്കുകളെ രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാക്കി മാറ്റുന്നതിനും ആവശ്യമായ ഉപകരണങ്ങൾ, ബ്ലഡ് ബാഗുകൾ, കിറ്റുകൾ മുതലായവ വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് അതാത് വർഷം സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3) സംസ്ഥാനത്തെ രക്തബാങ്കുകളിൽ സുരക്ഷിതമായ രക്തം ഉറപ്പുവരുത്തുന്നതിലേക്ക് 100% രക്തവും സന്നദ്ധരക്തദാനത്തിലൂടെ ശേഖരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ രക്തബാങ്കുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സംസ്ഥാനമൊട്ടാകെ വിവിധ ബോധവത്ക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. സന്നദ്ധരക്തദാന ക്യാമ്പിന്റെ നടത്തിപ്പിലേക്കും രക്തദാതാക്കൾക്കുള്ള ലഘുഭക്ഷണത്തിനും ആവശ്യമായി വരുന്ന തുക നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ ഫണ്ടിൽ നിന്നും രക്തബാങ്കുകൾക്ക് ലഭ്യമാക്കുന്നു. കൂടാതെ സന്നദ്ധരക്തദാനം നടത്തുന്ന വ്യക്തികൾക്കും സംഘടനകൾക്കും പ്രോത്സാഹനമായി എല്ലാ വർഷവും അവാർഡുകളും നൽകിവരുന്നു.<br>4) രക്തബാങ്കിൽ എത്തുന്ന രക്തദാതാക്കളെ കൗൺസിലിംഗ് ചെയ്യുന്നതിലേക്ക് സംസ്ഥാനത്തെ രക്തബാങ്കുകളിൽ 31 കൗൺസിലർമാരെ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നിയമിച്ചിട്ടുണ്ട്. രക്തദാതാക്കൾക്ക് കൗൺസിലിംഗ് നൽകുന്നതിലൂടെ high risk ഗ്രൂപ്പിൽപ്പെടുന്ന ആളുകളെ (ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാർ, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ മുതലായവർ) രക്തദാനത്തിൽ പിന്തിരിപ്പിക്കാൻ സാധിക്കുന്നു.<br>5) രക്തദാനത്തിലൂടെ സംഭരിക്കുന്ന രക്തത്തിൽ എച്ച്.ഐ.വി, സിഫിലിസ്, മലേറിയ, ഹെപ്പറ്റൈറ്റിസ്-ബി, ഹെപ്പറ്റൈറ്റിസ്-സി തുടങ്ങിയവ ഇല്ലാ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള 5 പരിശോധനകൾ നടത്തുന്നു എന്ന് ഉറപ്പാക്കുന്നു.<br>6) രക്തബാങ്കുകളിൽ മെഡിക്കൽ ഓഫീസർമാർ, സ്റ്റാഫ് നേഴ്സ്മാർ, ടെക്നീഷ്യൻമാർ, കൗൺസിലർമാർ തുടങ്ങിയവർക്ക് കാലോചിതമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br>7) സംസ്ഥാനത്തിലെ എല്ലാ രക്തബാങ്കുകളിലും 2017-ൽ ലോകാരോഗ്യ സംഘടനയുടെ ഉദ്യോഗസ്ഥരും സംസ്ഥാന ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി ഒരു പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ രക്തബാങ്കുകൾക്കുമായി ഒരു പൊതുമാർഗ്ഗനിർദ്ദേശം രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ഡി) | എച്ച്.ഐ.വി./എയ്ഡ്സ് | ഡി) | എച്ച് ഐ വി, എയ്ഡ്സ് മേഖലയിൽ കേരളത്തിൽ |

| | | | |
|---|---|---|---|
| | ബോധവത്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | | ബോധവത്കരണ-പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയാണ്. പൊതുസമൂഹത്തെ ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങൾ കൂടാതെ എച്ച്.ഐ.വി. അണുബാധ പിടിപെടാൻ കൂടുതൽ സാധ്യതയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രത്യേക പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ എച്ച്.ഐ.വി അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങളും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഏറ്റെടുത്തു നടത്തുന്നുണ്ട്. എച്ച്.ഐ.വി പ്രതിരോധത്തിനും എച്ച്.ഐ.വി ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ, ബസ്സ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും, വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു. |
| ഇ) | എച്ച്.ഐ.വി. അണുബാധിതരെ വരുമാന പരിധി അടിസ്ഥാനമാക്കാതെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഇ) | ഉണ്ട്. 05.08.2016-ാം തീയതിയിലെ സ.ഉ.(സാധാ) നം. 972/16/തൊഴിൽ എന്ന സർക്കാർ ഉത്തരവ് പ്രകാരം എച്ച്.ഐ.വി അണുബാധിതരെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി 'ചിസ്' (ആരോഗ്യ ഇൻഷ്വറൻസ്) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ